**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3329** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യകിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ ഭക്ഷ്യകിറ്റ് നൽകുന്ന പദ്ധതിയിൽ ഏതെല്ലാം മാസം ഭക്ഷ്യക്കിറ്റ് നൽകി എന്ന് വിശദമാക്കുമോ; ഇതിനുള്ള ഫണ്ട് എപ്രകാരമാണ് അനുവദിക്കുന്നത്; | (എ) | കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിവരുന്ന പ്രതിരോധ പ്രവർത്തന നടപടികളുടെ ഭാഗമായി സപ്ലൈകോ മുഖേന തയ്യാറാക്കി നല്കുന്ന സൗജന്യ ഭക്ഷ്യക്കിറ്റ് എല്ലാ വിഭാഗം കുടുംബങ്ങൾക്കും റേഷൻ കടകൾ മുഖേന 2020 ഏപ്രിൽ, മെയ് മാസങ്ങളിലായി വിതരണം ചെയ്യുകയും, തുടർന്ന് ഓണത്തോടനുബന്ധിച്ച് 2020 ആഗസ്റ്റ് മാസത്തിലും 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയുള്ള മാസങ്ങളിലും അതിജീവനക്കിറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2021-ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും അവശ്യസാധനങ്ങളടങ്ങിയ സ്പെഷ്യൽ ഓണക്കിറ്റ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുവരെയുള്ള കിറ്റ് വിതരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നുമാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ജൂലൈ മാസം ഭക്ഷ്യകിറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ജൂലൈ മാസത്തിൽ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരുന്നില്ല. എന്നാൽ നാല് ഇനങ്ങൾ അധികമായി ഉൾപ്പെടുത്തി ഓണത്തോടനുബന്ധിച്ച് 2021 ആഗസ്റ്റ് മാസത്തിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. |
| (സി) | ഓണത്തിന് നൽകുന്ന ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്തുന്ന സാധനങ്ങളും അവയുടെ ഓരോന്നിന്റെയും വിലയും വിശദമാക്കുമോ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | കിറ്റിന്റെ കയറ്റിറക്ക് കൂലി, തുണിസഞ്ചി, ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ കിറ്റൊന്നിന് എത്ര രൂപ ചെലവ് വരും; ഇവ വിശദമാക്കുമോ; | (ഡി) | പ്രാദേശിക തലത്തിൽ കൂലി വ്യത്യാസം ഉണ്ടാകുമെന്നതിനാൽ ഓരോ കിറ്റിനും കയറ്റിറക്ക് കൂലി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവ പ്രത്യേകം കണക്കാക്കിയിട്ടില്ല. എന്നാൽ കിറ്റിൽ ഉൾപ്പെട്ട ഉത്പന്നങ്ങളുടെ വില കൂടാതെ സംഭരണ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളുടെ വാടക, തൊഴിലാളികളുടെ വേതനം, കയറ്റിറക്കു കൂലി, ട്രാൻസ്പോർട്ടേഷൻ, എസ്റ്റാബ്ലിഷ്മെൻറ് ചിലവുകൾ മുതലായ മറ്റു ചെലവുകൾക്കായി കിറ്റിലെ സാധനങ്ങളുടെ വിലയുടെ 10 ശതമാനമായ 51.25 രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | എല്ലാ മാസവും ഭക്ഷ്യകിറ്റ് നൽകുന്നത് പരിഗണനയിലുണ്ടോ? | (ഇ) | നിലവിൽ 2021–ലെ ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും സ്പെഷ്യൽ കിറ്റ് നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ ഭക്ഷ്യക്കിറ്റ് നല്കുന്ന കാര്യം പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2021 ഓണക്കിറ്റ്

| ക്രമ നമ്പർ | ഇനം | അളവ് | വില |
|---|---|---|---|
| 1 | പഞ്ചസാര | 1 കി.ഗ്രാം | 39.00 |
| 2 | വെളിച്ചെണ്ണ | 500 മി.ലി. | 102.00 |
| 3 | ചെറുപയർ | 500 ഗ്രാം | 40.00 |
| 4 | തുവരപ്പരിപ്പ് | 250 ഗ്രാം | 28.00 |
| 5 | തേയില | 100 ഗ്രാം | 23.00 |
| 6 | മുളക് /മുളക്പൊടി | 100 ഗ്രാം | 20.00 |
| 7 | മഞ്ഞൾ | 100 ഗ്രാം | 15.00 |
| 8 | സേമിയ (180 ഗ്രാം)/ പാലട (180 ഗ്രാം) / ഉണക്കലരി (500 ഗ്രാം) | ഒരു പാക്കറ്റ് | 20.00 |
| 9 | കശുവണ്ടിപ്പരിപ്പ് (50 ഗ്രാം) | ഒരു പാക്കറ്റ് | 40.00 |
| 10 | ഏലയ്ക്ക (20 ഗ്രാം) | ഒരു പാക്കറ്റ് | 40.00 |
| 11 | നെയ്യ് | 50 മി.ലി. | 33.50 |
| 12 | ശർക്കരവരട്ടി/ഉപ്പേരി | 100 ഗ്രാം | 30.00 |
| 13 | ആട്ട | 1 കി.ഗ്രാം | 40.00 |
| 14 | ശബരി പൊടി ഉപ്പ് | 1 കി.ഗ്രാം | 9.00 |
| 15 | ശബരി ബാത്ത് സോപ്പ് | ഒരെണ്ണം | 21.00 |
| 16 | തുണി സഞ്ചി | ഒരെണ്ണം | 12.00 |
| **ആകെ** | | | **512.50** |
| **ലോഡിംഗ്/കടത്തുകൂലി തുടങ്ങിയതിനുള്ള ചെലവ് 10%** | | | 51.25 |
| **ARD കമ്മീഷൻ** | | | 5.00 |
| **ഒരു കിറ്റിന്റെ ആകെ വില** | | | **568.75** |